LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13 വർഷത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിക്ക് കേന്ദ്രവിഹിതമായി 20121.29 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 8128.00 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ. പദ്ധതിക്ക് കേന്ദ്ര വിഹിതമായി 25013.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 8678.00 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, ആവശ്യാധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇതനുസരിച്ച്, 2012-13 ൽ 131117.81 ലക്ഷം രൂപയും 2013-14-ൽ (ഡിസംബർ 31 വരെ) 102710.93 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാകുന്നു. ടി പദ്ധതിക്ക് 2012-13, 2013-14 (ഡിസംബർ 31 വരെ) കേന്ദ്രത്തിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല. മുൻ വർഷ നീക്കിയിരുപ്പ് തുകയിൽ നിന്നും മറ്റ് വരവുകളിൽ നിന്നുമാണ് ടി വർഷങ്ങളിലെ ചെലവ് വഹിക്കുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നടപ്പുസാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽ കുറവൊന്നും വരുത്തിയിട്ടില്ല.

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തെ കെട്ടിട നിർമ്മാണം

1502 ശ്രീ. പി. റ്റി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതും എൻ.എച്ച്. 212-ന് അഭിമുഖമായിട്ടുള്ളതുമായ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ഹർജിയിൽ ബഹു. മന്ത്രി ഉത്തരവ് നൽകിയിട്ടും കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയല്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച 22444/ഡിബി2/2013/എൽ.എസ്.ജി.ഡി., 64726/ആർഡി/2013/എൽ.എസ്.ജി.ഡി. നമ്പർ ഫയലുകളിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് നിരാക്ഷേപസാക്ഷ്യപത്രം 12-3-2014 -ലെ സ.ഉ.(സാധാ)നമ്പർ 748/14/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽദിനങ്ങൾ

3208 ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്രവീതം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര ദിവസംവീതം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി)ഓരോ തദ്ദേശഭരണസ്ഥാപനത്തിലും 2012-13 വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി)കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ വൈക്കത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം 100 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly